**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 577 - 06.02.2013-ലെ മറുപടിക്ക്**

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നടത്തിപ്പിന് ദേശീയ വികസന സമിതി യോഗ നിർദ്ദേശങ്ങൾ

**ചോദ്യം**

ശ്രീ.എം.എ.ബേബി
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എം. ചന്ദ്രൻ
ശ്രീ. കെ.കെ. ജയചന്ദ്രൻ

**ഉത്തരം**
**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നടത്തിപ്പിന് അധിക വിഭവം കണ്ടെത്താനുള്ള പ്രധാന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ദേശീയ വികസന സമിതിയോഗത്തിൽ ഇതു സംബന്ധിച്ചുണ്ടായ നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; | ദേശീയ വികസന സമിതി യോഗത്തിൽ കേന്ദ്ര പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി അംഗീകരിക്കുന്നതായിരുന്നു പ്രധാന വിഷയം |
| (ബി) ജീവിതചെലവ് വർദ്ധിപ്പിക്കാനിടയാക്കുന്ന നിർദ്ദേശങ്ങളെ സംസ്ഥാനം എതിർക്കുകയുണ്ടായോ; സംസ്ഥാനങ്ങളുടെ എന്തെല്ലാം അവകാശങ്ങൾ നഷ്ടപ്പെടുന്നതാണ് സമിതി യോഗത്തിലെ നിർദ്ദേശങ്ങൾ; | സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കുന്നതിനു മുമ്പ് സംസ്ഥാനങ്ങളുമായി വിശദമായി ചർച്ച നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) പഞ്ചവത്സര പദ്ധതിയുടെ ഓരോ വാർഷിക പദ്ധതിയിലും എത്ര കോടി രൂപ വീതം അധികമായി സമാഹരിക്കേണ്ടി വരുമെന്ന് കരുതുന്നു ; വിശദമാക്കാമോ ; | സംസ്ഥാനത്തിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി അടങ്കൽ 1,02,000 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഓരോ വാർഷിക പദ്ധതിയിലും വകയിരുത്തിയിട്ടുള്ള അടങ്കൽ തുക ചുവടെ ചേർക്കുന്നു. |

തുക കോടിയിൽ

| | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|
| വാർഷിക അടങ്കൽ | 14010 | 16812 | 20510 | 23996 | 26672 |
| വർദ്ധനവ് | 2000 | 2802 | 3698 | 3486 | 2676 |

| | |
|---|---|
| (ഡി) കഴിഞ്ഞ വാർഷിക പദ്ധതിയിലും ഈ വർഷത്തെ വാർഷിക പദ്ധതിയിലും നികുതി വർദ്ധന എത്ര കോടി വീതമായിരുന്നു ; വ്യക്തമാക്കുമോ ? | സംസ്ഥാനനികുതി ഇനത്തിൽ കഴിഞ്ഞ വാർഷിക പദ്ധതിയിൽ 5645.29 കോടി രൂപയുടെയും ഈ വർഷത്തെ വാർഷിക പദ്ധതിയിൽ 4974.48 കോടി രൂപയുടെയും വർദ്ധനവാണ് ലക്ഷ്യമിട്ടിരുന്നത്. |

സെക്ഷൻ ഓഫീസർ